# വനിതാദിനത്തിൽ പോലീസ് സ്റ്റേഷൻ ചുമതല വനിതാഓഫീസർക്ക്

അന്താരാഷ്ട്ര വനിതാ ദിനമായ തിങ്കളാഴ്ച റൂറൽ ജില്ലയിലെ പോലിസ് സ്റ്റേഷനുകൾ വനിതാ പോലീസ് ഉദ്യോഗസ്ഥർ നിയന്ത്രിക്കും. വനിതാ സബ് ഇൻസ്പെക്ടർമാർ ഉള്ള സ്റ്റേഷനുകളിൽ അവർക്കായിരിക്കും സ്റ്റേഷൻറെ ചുമതല. സബ് ഇൻസ്പെക്ടർ ഇല്ലത്തിടങ്ങളിൽ വനിതകളായ സീനിയർ സിവിൽ പോലിസ് ഓഫീസർ, സിവിൽ പോലിസ് ഓഫിസർ തുടങ്ങിയവർക്ക് ചുമതല നൽകും. എസ്. എച്ച്.ഒ മാരുടെ മേൽനോട്ടത്തിൽ പൊതുജനങ്ങളുമായി ഇടപെഴുകയും, പരാതികളിൽ അന്വേഷണം നടത്തുകയും ചെയ്യും. ഹൈവേ പട്രോൾ വാഹനങ്ങളിലും തിങ്കളാഴ്ച വനിതകളുണ്ടാകും. റൂറൽ ജില്ലയിൽ എല്ലാ സ്റ്റേഷനുകളിലും തിങ്കളാഴ്ച പി.ആർ.ഒ മാർ വനിതാ ഉദ്യോഗസ്ഥരാണ്. ജില്ലയിൽ കുറ്റാന്വേഷണം, ഗതാഗത നിയന്ത്രണം സി.സി.ടി.എൻ.എസ്, ബീറ്റ് പട്രാളിംഗ്, പിങ്ക് പട്രോളിംഗ് തുടങ്ങിയ മേഖലകളിൽ മികവ് തെളിയിച്ച അഞ്ച് വനിതാ ഉദ്യോഗസ്ഥർക്ക് പുരസ്ക്കാരം നൽകും. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് പോലീസ് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ നടപടിയെന്ന് ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് പറഞ്ഞു.